Deshabhimani 29.12.17

► വൈഗ 2017

# കാർഷികച്ചന്തം കാണാൻ അവരെത്തി

മണ്ണുത്തി > വൈകല്യങ്ങൾക്കപ്പുറം മനസ്സിന്റെ ദൃഢനിശ്ചയവുമായി കാർഷികച്ചന്തം കാണാൻ അവരെത്തി. ഒല്ലൂർ പുനർജീവൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഇരുന്നൂറോളം അംഗപരിമിതരാണ് വൈഗ- 2017 അന്താരാഷ്ട്ര പ്രദർശനവും ശിൽപ്പശാലയും കാണാനെത്തിയത്. വിവിധ അപകടങ്ങളിൽപ്പെട്ട് നട്ടെല്ല്, നാഡീവ്യൂഹം എന്നിവയ്ക്ക് മാരകക്ഷതം സംഭവിച്ച് ചികിത്സയിലിരിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതാണ് ഒല്ലൂരിലെ പുനർജീവൻ ട്രസ്റ്റ്. ഏകദേശം 255 കുടുംബങ്ങളാണ് ട്രസ്റ്റിനു കീഴിലുള്ളത്.

കാഠിന്യമേറിയ തൊഴിലുകൾ ചെയ്യാൻ ബുദ്ധിമുട്ടനുഭവിക്കുന്ന ഇവർ കാർഷികവൃത്തിയെ മഹത്തായ ജീവനമാർഗമായി കാണുന്നു. മന്ത്രി വി എസ് സുനിൽകുമാർ, കെ രാജൻ എംഎൽഎ എന്നിവർ വൈഗ സന്ദർശനത്തിനുവേണ്ട സൗകര്യങ്ങൾ മുൻകൂട്ടി സജ്ജമാക്കിയിരുന്നു. മൂല്യവർധന മേഖലയിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന ഒട്ടനവധി ചെറുകിട സംരംഭങ്ങൾ നേരിട്ടുകാണുന്നതിനും മനസ്സിലാക്കുന്നതിനുമാണ് ഇവർ വൈഗ വേദിയിലെത്തിയത്.



ഒല്ലൂർ പുനർജീവൻ ട്രസ്റ്റിലെ അംഗപരിമിതർ വൈഗ കാർഷിക പ്രദർശനം കാണാനെത്തിയപ്പോൾ

# അനഘയും ദിൽ മരിയയും വിജയികൾ

മണ്ണുത്തി > വൈഗ 2017നോടനുബന്ധിച്ച് സ്കൂൾ കുട്ടികൾക്കായി നടത്തിയ പെയിന്റിങ് മത്സരത്തിൽ ചെമ്പൂച്ചിറ ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ അനഘ എം എസ് ഹൈസ്കൂൾ വിഭാഗത്തിലും തൃശൂർ നിർമലമാതാ സെൻട്രൽ സ്കൂളിലെ ദിൽ മരിയ യുപി വിഭാഗത്തിലും ഒന്നാംസ്ഥാനം നേടി.

തൃശൂർ സെന്റ് തോമസ് ഹൈസ്കൂളിലെ ടി എസ് ഹേമന്ത്, പാറമേക്കാവ് വിദ്യാമന്ദിറിലെ ലക്ഷ്മീദേവി കെ എന്നിവർ ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ചിറ്റിലപ്പിള്ളി ഐഇഎസ് പബ്ലിക് സ്കൂളിലെ നാദിയ പി ബാബു, തൃശൂർ സിഎംഎസ് സ്കൂളിലെ പി ആർ നിരഞ്ജൻ എന്നിവർ യുപി വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഹൈസ്കൂൾ വിഭാഗം പ്രശ്നോത്തരിയിൽ പൂച്ചെട്ടി കെവിബിവിഎമ്മിലെ ഹാദി അബ്ദുൾ റവൂഫ്, കെ അഭിനവ് എന്നിവർ ഒന്നാംസ്ഥാനത്തിനർഹരായി. വലപ്പാട് ബിവിഎംഎസ് എസിലെ ഇ എസ് അനിദ്, മുഹമ്മദ് റിസ്വാൻ എന്നിവർ രണ്ടാംസ്ഥാനവും രാമവർമപുരം കേന്ദ്രീയ വിദ്യാലയത്തിലെ ടി ബി അനീസ്ബെൻ, മുഹമ്മദ് അജ്മൽ എന്നിവർ മൂന്നാംസ്ഥാനവും കരസ്ഥമാക്കി.